EXCEL PUBLICATIONS

Excel

An Excel Publication

VOL. 10 ➤ ISSUE 07 ➤ 2022 AUGUST ➤ FOR ONLINE CIRCULATION ONLY



പെൺമക്കൾ പെരുമ

തലമുറകൾക്കിടയിൽ പാലം തീർക്കാം

ദെക്കപ്പൊലിനാട്ടിലേക്ക് നീ തിരികെ വരും

Excel സ്നേഹിതൻ
EXCEL PUBLICATIONS
An Excel Publication
VOL. 10 | ISSUE 07 | 2022 AUGUST | FOR ONLINE CIRCULATION ONLY

*Chairman*
Rev Thampy Mathew
*Director*
Binu Joseph, Vadasserikkara
*Publisher*
Anil P M, Elanthoor
*Chief Editor*
Denny John
*Managing Editors*
Joby K C
Liza Vijayan
*Editors*
Shibu K. John
Blesson P John
Benson N. Varughese
Gladson James
Stanly Abraham
Preethi Binu
Jincy Anil
*State Representatives*
Sumi Mathew, Karnataka
Upendar Rao, Telungana
Pravin Awale, Maharashtra
Kiran Kumar, North India
Vinny P Mathew, Delhi
*International Representatives*
Ribi Kenneth ( UAE)
Ancy Vipin (Kuwait)
Shinu Thomas (Cannada)
Finny (Saudi)
Shajo C. Abraham (Ireland)
Shinu Thomas (USA)
Sumi Mathew (UK)
*Advisory Board*
Pr. Gigi Chacko
Pr.D. Joy
Pr. Aby M. Varghese
Pr. Abraham Malayil
Pr. Thomas M Pulivelil
Mr.George Koshy, Mylapra
Mr.Varkey Abraham Kachanath
Mr. Saji Paul
Mr.Joji B.John
Mr. Sunil Kurian
Mrs.Susamma John

Excel Snehithan
Thekkemala P.O., Kozhencherry,
Pathanamthitta
Ph: 9495834994, 9496325026
Email: excelsnehithan@gmail.com

*Design & Layout:*
*Linta Peter*

# ഉള്ളടക്കം

1. എഡിറ്റോറിയൽ
ഡെന്നി ജോൺ.......... 03
2. There is a solution for everything
BINU JOSEPH Vadasserikkara.......... 04
3. പെൺമക്കൾ പെരുമ
ജോബി കെ. സി.......... 05
4. ധ്യാനപീഠം: നിലനിൽക്കുന്ന പ്രവൃത്തി
സി. കെ. വിജയൻ.......... 06
5. Many say many things
Pr Babu Cherian, Piravom.......... 07
6. തലമുറകൾക്കിടയിൽ പാലം തീർക്കാം
ഷിബു കെ ജോൺ.......... 08
7. ഭാവന: 'ദയവായി പാദരക്ഷകൾ പുറത്തിടുക'
ജസ്റ്റിൻ ജോർജ് കായംകുളം.......... 09
8. സ്പെഷ്വൽ ഫീച്വർ– ജീവിതസായാഹ്നത്തിലെ
അസ്തമിക്കാത്ത പ്രതീക്ഷകൾ !
D J പാലക്കാട്.......... 10
9. ദെക്കപ്പൊലിനാട്ടിലേക്ക് നീ തിരികെ വരും
ഷൈജു ഡാനിയേൽ അടൂർ.......... 11
10. കിഡ്സ് കോർണർ.......... 13
11. എക്സൽ വാർത്തകൾ.......... 15

CONTENTS

Excel സ്പെഷ്യലിസ്റ്റ്
An Excel Publication

# എഡിറ്റോറിയൽ



EDITORIAL

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ ഡയമണ്ട് ജൂബിലി ആഘോഷിക്കുകയാണ്. 75 വർഷങ്ങൾക്ക് മുൻപ് ലഭിച്ച സ്വാതന്ത്ര്യത്തിന്റെ ഒരു ഓർമ്മപ്പെടുത്തൽ. അടിമത്തം എപ്പോഴും വേദനാജനകമാണ്. സ്വാതന്ത്ര്യം ആഗ്രഹിക്കാത്തവരായി ആരുമില്ല. ജീവിതത്തിന്റെ സമസ്ത മേഖലകളിലും മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. സമൂഹത്തിലായാലും കുടുംബത്തിലായാലും സ്വാതന്ത്ര്യം ഇല്ലാത്തയിടത്ത് അസഹിഷ്ണുത ഉടലെടുക്കുന്നത് കാണാം.

നിയമങ്ങളും,നിയന്ത്രണങ്ങളും, നിബന്ധനകളും ഉള്ളിടത്താണ് സ്വാതന്ത്ര്യത്തിന്റെ പ്രസക്തി.സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യാനുള്ള ഒരു അവസരമായി കാണുമ്പോഴാണ് പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നത്.കാലഘട്ടം പുരോഗമിച്ചതോടെ സംസ്കാരങ്ങൾക്ക് മാറ്റം വന്നു.പഴയ പടി തുടരണമെന്ന് ശഠിക്കുന്ന പഴയ തലമുറ ഇന്ന് അന്യമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ഭക്ഷണരീതിയിലും വസ്ത്രധാരണ രീതിയിലും വന്ന മാറ്റങ്ങൾ അതിശയിപ്പിക്കുന്നതാണ്.ഫാഷൻ എന്ന രീതിയിൽ പുതിയ തലമുറ കാണിച്ചുകൂട്ടുന്ന ചില കാര്യങ്ങൾ അമ്പരപ്പിക്കുന്നതാണ്. സ്വാതന്ത്ര്യം എന്ന പദത്തിന്റെ മൂല്യം നഷ്ടപ്പെടുത്തി അവസരങ്ങളെ ദുരുപയോഗം ചെയ്യുന്ന കാഴ്ച ഖേദകരമാണ്.


ആദ്യകാല കുടുംബങ്ങൾ കൂട്ടുകുടുംബങ്ങൾ ആയിരുന്നു. അതിനാൽ തന്നെ ഇളം തലമുറകളുടെ ഓരോ പ്രവർത്തിയും നിരീക്ഷിക്കുവാനും തെറ്റിൽ അകപ്പെട്ടാൽ തിരുത്തുവാനും മുതിർന്നവർക്ക് കഴിഞ്ഞിരുന്നു. എന്നാൽ കാലം മാറിയതോടെ അണു കുടുംബങ്ങൾ വർദ്ധിച്ചു.മാതാപിതാക്കളും ഒന്നോ രണ്ടോ മക്കളുമടങ്ങിയ കുടുംബങ്ങളായി പലതും മാറി. വ്യക്തി ബന്ധങ്ങളുടെ മൂല്യം നഷ്ടപ്പെട്ടതിനാൽ ആധുനിക കുടുംബങ്ങളിൽ ഓരോരുത്തരും ഒറ്റപ്പെട്ട തുരുത്തുകളിലാണ്. മദ്യവും, മയക്കുമരുന്നും അകമ്പടിയായി സ്മാർട്ട് ഫോണുകളും കൊണ്ട് യുവതലമുറ സ്വാതന്ത്ര്യം ആഘോഷിക്കുകയാണ്.

എന്നാൽ ഇന്നത്തെ സമൂഹം ആഘോഷിക്കുന്ന ഈ സ്വാതന്ത്ര്യം മനുഷ്യനെ മറ്റൊരു അടിമത്തത്തിലേക്ക് എത്തിച്ചുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അവനവനിലേക്ക് തന്നെ ചുരുങ്ങുന്ന ഒരു അടിമത്തം. ഒന്നിനും മറ്റാരെയും ആശ്രയിക്കേണ്ടാത്ത അവസ്ഥയാണിന്നുള്ളത്. പണ്ടൊക്കെ യാത്ര ചെയ്യുമ്പോൾ സമയം ചോദിക്കുന്നതുൾപ്പടെ എത്രയോ മനുഷ്യരോട് അടുത്തിടപഴകുവാൻ അവസരം ഉണ്ടായിരുന്നു. എന്നാൽ ഇന്നോ? ഏതൊരാവശ്യത്തിനും 'ആപ്പുകൾ' ഉണ്ടായി എന്നതാണ് പ്രത്യേകത. ചങ്ങലകൾ ഇല്ലാതെ മനുഷ്യൻ ബന്ധിക്കപ്പെട്ട അവസ്ഥ.

നമുക്ക് ഇനിയും സ്വാതന്ത്ര്യം ലഭിക്കേണ്ടിയിരിക്കുന്നു. പരസ്പരം സഹകരിക്കുവാനും,സ്നേഹിക്കുവാനും കഴിയുന്ന ഒരു സാഹചര്യം നമ്മുടെ സമൂഹത്തിലും കുടുംബങ്ങളിലും സൃഷ്ടിക്കപ്പെടണം.ടെക്നോളജിയുടെ അതിപ്രസരം മാനുഷിക മൂല്യങ്ങളെ ഹനിക്കുവാൻ ഇടയാകരുത്. സ്വാർത്ഥതയുടെ വേലികൾ പൊളിച്ചുമാറ്റി 'നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക'എന്ന ബൈബിൾ വചനം ജീവിതത്തിൽ പ്രാവർത്തികമാകുമ്പോഴേ നമ്മുടെ ജീവിതം അർത്ഥപൂർണ്ണമാകൂ.

**ഡെന്നി ജോൺ**
**ചീഫ് എഡിറ്റർ**

Excel
An Excel Publication



# THERE IS A SOLUTION FOR EVERYTHING



**BINU JOSEPH**
**Vadasserikkara**

One day a young man, Ratheesh called me and shared about his life experience. He was fortunate to know Christ at his young age and some years back he took baptism and started living for Christ. He is married and settled abroad with a good job.

When he was preparing for marriage, no alliance was getting fixed and thus he had to marry his cousin. As he married a nonbeliever girl, he was thrown out from his church. Ratheesh is in agony as he is not able to go to church or to pray. Many pastors told him that he is cursed as he married a nonbeliever. But he has the desire to come back to the relationship with Jesus. But will forgive him? Does God hate him? Will he be able to turn back? Isn't a man cursed, having put the hand to the plow and looking back? Will God hear his prayers?' Many similar questions are there in his mind. Even I felt that many questions don't have answers. After speaking to me for more than an hour, he said, "Sir... my heart is lightened, I feel like Jesus cares for me." I advised a prayer for repentance and restoration. He recited it. Today Ratheesh is God's own child. Before disconnecting the call, he exclaimed, "God has forgiven my past offenses and sins, and henceforth I will live for Christ." At this point of time, a sudden thought rushed into my mind:"How many people face the same problem in our surroundings? How many are thrown out of the church? They wish to come back but they are not able.

Now What? Many choose their partners forgetting God and His love and thus they are lost and wandering in their lives. Who can give hope to these people? When we say, "Though our sins are like scarlet, God forgives it" the question is does God forgive backsliders? The answer is "definitely, yes! God will forgive." There is joy in the Heaven when a sinner repents. Never think what next, God is ready to forgive and love you.'

> **When we say, "Though our sins are like scarlet, God forgives it" the question is does God forgive backsliders? The answer is "definitely, yes! God will forgive."**

I AM A SINNER

The guilt formed as a result of extra marital relationships, wrong sexual habits, etc. is tremendous. Because of their guilt, some people live their life believing that they are a sinner.

But the good news is that Jesus is able to forgive your sins, remove your guilt and give you a new life. There are no sins which Jesus can't forgive. Though David sinned many times, he always repented and turned back to God and he was thus called as the man after God's own heart". So turn back from your sins and turn to God.

Excel
ഉദ്ബോധകൻ
An Excel Publication





ജോബി കെ. സി.

# പെൺമക്കൾ പെരുമ

**1. ആദ്യത്തെ മകൾ**

ദൈവത്തിന്റെ മകനായി ആദം വാഴ്ത്തപ്പെടുമ്പോൾ ദൈവത്തിന്റെ മകൾ എന്ന വിശേഷണത്തിന് ഹവ്വ യോഗ്യയാണ് . സ്നേഹവും സംരക്ഷണവും സകലവിധ സാഹചര്യങ്ങളും സൃഷ്ടാവായ ദൈവം ഹവ്വ എന്ന മകൾക്കു നൽകി. ഏതു പെൺകുട്ടിയും ആഗ്രഹിക്കാവുന്ന തക്കതുണയെയും കിട്ടി.

സാത്താന്റെ പ്രലോഭനത്തിൽ അകപ്പെട്ട അവൾ സ്വർഗ്ഗീയപിതാവിന്റെ ഹൃദയം തകർത്തു ലഭിക്കേണ്ട അവകാശങ്ങൾ നഷ്ടപ്പെടുത്തി.

മാതാപിതാക്കളെ മറന്നു താൽക്കാലിക സുഖങ്ങളുടെയും നൈമിഷിക പ്രണയങ്ങളുടെയും വലയിൽ അകപ്പെടുന്ന പെൺകുട്ടികൾക്ക് ഹവ്വ എന്നും ഒരു മുന്നറിയിപ്പാണ്.

**2. സൗന്ദര്യം പുറത്തു മാത്രമല്ല.**

മനുഷ്യരുടെ പുത്രിമാർ അതീവ സൗന്ദര്യവതികളായിരുന്നു എന്ന് (ഉല്പ. 6:1) കാണുന്നു. ഓരോ കുഞ്ഞുങ്ങൾക്കും അവരുടെ ശാരീരിക സൗന്ദര്യത്തോടൊപ്പം വാക്കിലും പ്രവർത്തിയിലും വെളിപ്പെടേണ്ടതായ ആത്മീകമനുഷ്യന്റെ സൗന്ദര്യത്തെ കുറിച്ചും സ്വന്ത വീടുകളിൽ നിന്ന് അവബോധം നൽകണം. വർണത്തിനും വർഗ്ഗത്തിനും അതീതമായി ഓരോ കുഞ്ഞുങ്ങളെയും സമൂഹം സ്നേഹിക്കണം. പെൺകുഞ്ഞുങ്ങളാണെങ്കിൽ വേണ്ട എന്ന് ശഠിക്കുന്ന വികല മനസുകളിന്നും പലയിടത്തും കാണാം.

**3. റിബേക്ക എന്ന മിടുക്കി കുട്ടി**

അബ്രഹാമിന്റെ ആലോചന പ്രകാരം യിസഹാക്കിനുവേണ്ടി ജീവിത പങ്കാളിയെ തിരക്കി പോയ ദാസൻ പ്രാർത്ഥനാപൂർവം കണ്ടെത്തുന്ന പെൺകുട്ടിയായിരുന്നു റിബേക്ക. (ഉല്പ.24:15) വീട്ടിലെ സകല ജോലികളിലും മാതാപിതാക്കളെ സഹായിക്കുന്ന മനോഭാവം, അതിഥികളെ ആദരിക്കുന്ന മനസ്സ്.

പുറത്തു നടന്ന കാര്യങ്ങൾ വീട്ടിൽ തുറന്നു പറയുന്നതുമായ മിടുക്കി. ഇന്ന് ചില മക്കളുടെ വിവാഹ കാര്യങ്ങൾ സാമൂഹിക മാധ്യമങ്ങൾ വഴി അറിയേണ്ട ഗതികേടിലാണ് മാതാപിതാക്കളിൽ പലരും. സ്വന്തം വീട്ടിൽ സൗഹൃദപരമായ അന്തരീക്ഷം ഉടലെടുക്കേണം. അവരെ കേൾക്കാൻ തയ്യാറാകണം. അവരുടെ ആലോചനകൾക്കും ആശയങ്ങൾക്കും പ്രാധാന്യമുണ്ടെന്ന് തിരിച്ചറിയുക. യിസഹാക്കിന്റെ മനസ്സിലെ മാതൃവിയോഗത്തിന്റെ മുറിവ് മാറ്റുവാൻ ആ മിടുക്കിക്ക് സാധിച്ചത് പോലെ നമ്മുടെ പെൺമക്കളും അനവധി കുടുംബങ്ങൾക്ക് പ്രകാശവും പ്രതീക്ഷയുമായി തീരട്ടെ.

**4. ദീന എന്ന ദുഃഖപുത്രി**

നമ്മുടെ പെൺകുഞ്ഞുങ്ങൾ സമൂഹത്തിൽ സുരക്ഷിതരാകേണ്ടതിന്റെ ജാഗ്രതയ്ക്കാണ് ഉല്പത്തി 34 ലെ സംഭവം പരാമർശിക്കേണ്ടിവരുന്നത്. യാക്കോബിന്റെ മകൾക്ക് ശേഖേം എന്ന പ്രഭുവിലൂടെ നേരിടേണ്ടിവരുന്ന ദുരനുഭവം. അത് കുടുംബങ്ങൾ തമ്മിലും ദേശങ്ങൾ തമ്മിലുമുള്ള വഴക്കിലും കൊലപാതകത്തിനും വരെ കാരണമായിതീർന്നു. ജീവിതത്തിലെ സമസ്ത മേഖലകളിലും ജാഗ്രതയോടും ആത്മവിശ്വാസത്തോടും മുന്നേറുവാൻ മക്കളെ പ്രാപ്തരാക്കാം. ആൺ പെൺ വ്യത്യാസമന്യേ പരസ്പര മാന്യതയും വിലയും നിലയും ഓരോരുത്തർക്കും ലഭ്യമാകേണ്ടതുണ്ട്. ഓരോ പെൺകുട്ടിയും ഒറ്റപ്പെടുന്ന സാഹചര്യം (opportunity) അവസരം അല്ല, (responsibility) ഉത്തരവാദിത്തം ആണെന്നത് ഓർത്തിരിക്കാം.

**5. കുഞ്ഞനിയനെ കാത്ത മകൾ**

നൈൽ നദിയിൽ ഞാങ്ങണപെട്ടിയിൽ ഒഴുക്കി വിട്ട കുഞ്ഞാങ്ങളയ്ക്ക് എന്ത് ഭവിക്കും എന്നറിയാൻ ആവലോടെ കാത്തുനിന്ന അമ്രാമിന്റെ മകൾ മിര്യാം എല്ലാ സഹോദരങ്ങൾക്കും ഒരു മാതൃകയാണ്. പുറപ്പാട് 2:4. സഹോദരന്റെ രാജകീയ വളർച്ചയിലും ഉയർച്ചയിലും അവൾക്ക് അസൂയയില്ലാതെ സാക്ഷ്യംവഹിക്കാൻ കഴിഞ്ഞു എന്നത് ശ്രേഷ്ഠകരം തന്നെ. ഒരമ്മ പെറ്റ സഹോദരങ്ങൾക്ക് രക്ത ബന്ധത്തിന്റെ മൂല്യം മറക്കാതെ മുന്നേറാനാകട്ടെ.

**6. അവകാശം സ്ഥാപിച്ചെടുത്ത പെൺകുട്ടികൾ**

സംഖ്യ 17:30 നേതാക്കന്മാരുടെ മുൻപിൽ തങ്ങളുടെ പിതാക്കന്മാരുടെ അവകാശം ചോദിക്കുവാനും ദൈവത്തിന്റെ വാഗ്ദത്തപ്രകാരം കരസ്ഥമാക്കുവാൻ സാമർത്ഥ്യം കാണിക്കുന്ന അഞ്ച് പെൺമക്കൾ.

സ്വന്തം വീടിനെക്കുറിച്ച് പ്രത്യേകാൽ വരവ് ചെലവ്, വിശ്വാസ സംബന്ധമായ കാര്യങ്ങൾ, ബാധ്യതകൾ, ബന്ധുക്കൾ തുടങ്ങിയ കാര്യങ്ങളിൽ സാമാന്യ വിവരങ്ങൾ മക്കൾക്ക് പകർന്നു നൽകണം. വിഷമതകളൊന്നും അറിയാതെ വളർത്തപ്പെടുന്ന മക്കൾ ഭാവിയിൽ വരുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ പതറാനിടയുണ്ട്.



# ധ്യാനപീഠം

സി. കെ. വിജയൻ

# നിലനിൽക്കുന്ന പ്രവൃത്തി

'ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും. '1 കൊരി.3:14

രാജ്യത്തിന്റെ അതിർത്തിയിലെ ഗ്രാമത്തിൽ വീടുകൾ നിർമ്മിക്കുന്ന പദ്ധതിയിൽ നിർമ്മാണ കരാറിൽ ഏർപ്പെട്ടിരുന്ന മൂന്ന് പണിക്കാർ ഉണ്ടായിരുന്നു. ഏറ്റവും മെച്ചപ്പെട്ട വീടുകൾ നിർമ്മിക്കുക എന്നതായിരുന്നു ആ പദ്ധതിയുടെ ലക്ഷ്യം.

മൂന്ന് പണിക്കാരും ആദ്യം ഓരോ വീടുകൾ വീതം മാതൃകയായി പണിതു നൽകേണം. അവ പരിശോധിച്ചു ബോധ്യപ്പെട്ടെങ്കിലേ അവർക്ക് തുടർന്നു പണിയുവാൻ അനുവാദം ലഭിക്കുകയുള്ളൂ. കരാറുകാർ ആവശ്യപ്പെട്ടതിലും അധികം സാധന സാമികൾ ഓരോരുത്തർക്കും പണികൾക്കായി അധികൃതർ നൽകിയിരുന്നു.

മൂന്നുപേരും പണികൾ ആരംഭിച്ചു. മത്സരിച്ചു പണിതത് കൊണ്ട് പണികൾ വേഗത്തിൽ പൂർത്തിയായി. ഒന്നാമത്തെ കരാറുകാരൻ പണികൾക്കു ശേഷം വന്ന സാധനങ്ങൾ കൊണ്ട് തന്റെ വീടിന് ഒരു മുറി കൂടി പണിതു മോടി പിടിപ്പിച്ചു. രണ്ടാമത്തവൻ ശേഷിച്ച സാധനങ്ങൾ കൊണ്ട് ഒരു തൊഴുത്ത് നിർമ്മിച്ചു രണ്ട് പശുക്കളെ വാങ്ങി വളർത്തി. എന്നാൽ മൂന്നാമത്തെ കരാറുകാരൻ വിശ്വസ്തനും ദൈവ ഭയമുള്ളവനുമായിരുന്നു. അയാൾ ലഭിച്ച എല്ലാ സാധനങ്ങൾ കൊണ്ടും വീട് നന്നായി ബലവത്തായി പണിതു. അതുകൊണ്ട് ഒരു നിർമ്മാണ സാമഗ്രികളും അയാൾക്ക് ബാക്കി വന്നില്ല.

നിനച്ചിരിക്കാതെ പെട്ടെന്നാണ് അതിർത്തിയിൽ യുദ്ധവും കലാപവും ആരംഭിച്ചത്. ശത്രു രാജ്യത്ത് നിന്നും കടുത്ത ഷെല്ലാക്രമണം ഗ്രാമത്തിലെ വീടുകൾക്ക് നേരെയുണ്ടായി. മാസങ്ങൾക്കു ശേഷമാണ് സ്ഥിതിഗതികൾ ശാന്തമായത്.

അധികൃതരുടെ പരിശോധനയിൽ ഗ്രാമാതിർത്തിയിലെ ഒരു വീട് ഒഴികെ ബാക്കി എല്ലാം തകർന്നു തരിപ്പണമായി കിടക്കുന്നതാണ് കണ്ടത്. മൂന്നാമത്തെ കരാറുകാരൻ പണിത വീടാണ് ഷെല്ലാക്രമണത്തെ അതിജീവിച്ച് നിലനിന്നത്.

പരിശോധനയിൽ മറ്റു കരാറുകാർ പണികളിൽ കൃത്രിമത്വം കാണിച്ചെന്നും സാധനങ്ങൾ അപഹരിച്ചു പോയെന്നും ബോധ്യപ്പെട്ടതിനാൽ അവരെ ജോലിയിൽ നിന്നും ഒഴിവാക്കുകയും അവരിൽ നിന്നും പിഴ ഈടാക്കുകയും ചെയ്തു. തകർന്നു പോയ വീടുകൾക്ക് പകരം പുതിയത് പണിയുവാൻ മൂന്നാമത്തെ കരാറുകാരനെ ചുമതലപ്പെടുത്തുകയും ചെയ്തു.

നാം എല്ലാവരും കർത്താവിന്റെ പണിക്കാരാണ്. കർത്താവിനായി നാം ചെയ്യുന്നത് വിശ്വസ്തതയോടും പരമാർത്ഥതയോടും കൂടെയാണോ? ഉദാസീനതയോടെ വേല ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാണ്. സർവ്വോപരി, നാം ചെയ്യുന്ന പ്രവൃത്തികൾ നിലനിൽക്കുന്നവയാണോ? ഓർത്തുകൊൾക, നിലനിൽക്കുന്ന പ്രവൃത്തികൾക്കേ പ്രതിഫലമുള്ളൂ.





**PR BABU CHERIAN, PIRAVOM**

# MANY SAY MANY THINGS

Psalms.3:2 “Many are saying of me, God will not deliver him.“

Let others say anything about you, but the important “matter is what you say about yourself. Confess your faith in the Lord and it will happen, sure. It is not what many say but what you say would happen.“What else can be more shameful and painful than running away“from own son? Many said many things in the midst of this grief.

The situations are like adding fuel to the fire. An Old Testament saint, Jacob says in Genesis 42: 36 that 'everything is against me? But see what David says,“But you, Lord, are a shield around me, my glory, the One who lifts my head high." (Psa. 3: 3). David is expecting three things from the Lord

1. A shield around me Any experienced soldier will use only one shield. But David is surrounded with shields. This shield is not made up of gold, brass, silver but fire. "Our God is a consuming fire." (Heb 12: 29) Child of God, do you see the fire fence around you? Or else are you“discouraged hearing all negative words around you?

2. My glory Now David is a king who lost his glory. He lost his throne, sceptre and authority. He even lost his family, son and almost every-thing. But he says, "my God is my glory."

3. The lifter of my head David ran away from his son crying, covering his head and bare-foot. (2 Sam. 15: 30) But he knew that one day God will lift his head. Praise the Lord.


**Prayer**

Lord, let people say anything about me. You are my God, you are my shield, you are my glory and the lifter of my head. I desire to submit until you lift me up. I surrender. Amen

# എക്സൽ വിബിഎസ്സിനു പുതിയ ഭാരവാഹികൾ



റിബി കെന്നത്ത്



പാസ്റ്റർ ഷിനു തോമസ്



ബെൻസൺ വർഗീസ്

**തിരുവല്ല:** ഒന്നര പതിറ്റാണ്ടായി കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിൽ പ്രവർത്തിക്കുന്ന എക്സൽ മിനിസ്ട്രീസിന്റെ പ്രധാന ഡിപ്പാർട്മെന്റായ എക്സൽ വിബിഎസിനു 2023 ലേക്ക് പുതിയ ഭാരവാഹികൾ ചുമതലയേറ്റു. വിബിഎസ് ഇൻറർനാഷണൽ ഡയറക്ടറായി റിബി കെന്നത്തും (ദുബായ്) നാഷണൽ ഡയറക്ടറായി പാസ്റ്റർ ഷിനു തോമസ് (കാനഡ) അഡ്മിനിസ്ട്രേറ്ററായി ബെൻസൺ വർഗീസ് തോട്ടഭാഗവും ചുമതലയേറ്റു.

പുതിയ വർഷത്തിൽ 10ലധികം ഭാഷയിൽ വിബിഎസ്സുകൾ നടത്തുവാനായും വില്ലേജ് വിബിഎസ്സിനായും തയ്യാറെടുപ്പുകൾ നടന്നുവരുന്നു. കഴിഞ്ഞ 15 വർഷമായി പതിനായിരക്കണക്കിനു കുട്ടികളെ നേർവഴിയിൽ നടത്താനായതിൽ ചാരിതാർത്ഥ്യം ഉണ്ടെന്ന് എക്സൽ മിനിസ്ട്രീസ് ചെയർമാൻ തമ്പി മാത്യൂ പറഞ്ഞു. ഡയറക്റ്റർസ് ആയി ബിനു ജോസഫ് വടശ്ശേരിക്കര, അനിൽ ഇലന്തൂർ എന്നിവർ നേതൃത്വം നൽകുന്ന’ എക്സൽ മിനിസ്ട്രീസ് പ്രവർത്തനം പത്തിലധികം രാജ്യങ്ങളിലായി ഉണ്ട്.

Excel സ്ഫോടനം
An Excel Publication

Parenting Point





# തലമുറകൾക്കിടയിൽ പാലം തീർക്കാം

ഷിബു കെ ജോൺ

ഒരു ക്ളോക്കിൽ മൂന്നു സൂചികളാണുള്ളത് - സെക്കന്റ്, മിനിട്ട്, മണിക്കൂർ. അവയുടെ വേഗവും കർത്തവ്യവും വ്യത്യസ്തമാണെങ്കിലും സമയം കൃത്യമായി അറിയുവാൻ മൂന്നു സൂചികളുടെയും പ്രവർത്തനം അനിവാര്യമാണ്. ഇതു തന്നെയാണ് സമൂഹത്തിൽ മുതിർന്ന തലമുറക്കാരും യുവജനങ്ങളും ഇളം തലമുറയും ചെയ്യേണ്ടത്. 1995 ന് മുമ്പ് ഇവിടെയൊന്നും നടന്നിട്ടില്ല എന്ന് പറയുന്ന ഇളംതലമുറക്കാർ ചരിത്രം അറിയാത്തവരാണ്. അവർക്ക് വളർച്ചയുണ്ടാവുകയില്ല എന്ന് മാത്രമല്ല അവരിലൂടെ ചരിത്രം ആവർത്തിക്കുകയും ചെയ്യും. അതുപോലെയാണ് 1995 നു ശേഷം ഒന്നും നടന്നിട്ടില്ലെന്ന് മുതിർന്ന തലമുറക്കാർ വിലപിക്കുന്നതും. പുതിയ കാലത്തെ വായിക്കാത്ത പഴയ തലമുറക്കാർ അതിവേഗത്തിൽ പഴഞ്ചനായി മാറുന്നു. അവർക്കും വളർച്ചയുണ്ടാവുന്നില്ല! ഇരുതലമുറകളും നദിയുടെ അക്കരെയും ഇക്കരെയും നിന്നുകൊണ്ട്, തങ്ങൾ മാത്രമാണ് ശരിക്കാർ എന്ന് വിളിച്ച് കൂകുമ്പോൾ സമൂഹം ശിഥിലമാവുകയാണ്. കുടുംബത്തിനും സഭയ്ക്കും ബാധകമാണ് ഈ കാര്യം. തലമുറകളുടെ വിടവിനെ ബന്ധിപ്പിച്ചു കൊണ്ട് ആരോഗ്യമുള്ള സമൂഹത്തെ സൃഷ്ടിക്കുവാൻ നേതൃരംഗത്തുള്ള എല്ലാവർക്കും ബാധ്യതയുണ്ട്.

അവൻ അവരോടു: "അതുകൊണ്ടു സ്വർഗ്ഗരാജ്യത്തിന്നു ശിഷ്യനായിത്തീർന്ന ഏതു ശാസ്ത്രിയും തന്റെ നിക്ഷേപത്തിൽ നിന്നു പുതിയതും പഴയതും എടുത്തു കൊടുക്കുന്ന ഒരു വീട്ടുടയവനോടു സദൃശനാകുന്നു" എന്നു പറഞ്ഞു (മത്തായി 13:52). ഉപമകളുടെ അവസാനത്തിൽ പഴയതും പുതിയതും എടുത്തു കൊടുക്കുന്ന ഉത്തമ വ്യക്തിയുടെ കഥ പറയുകയാണ് കർത്താവ്. സഭ ഒരു കുടുംബമാണ്. ഇളയവരെയും മൂത്തവരെയും എപ്രകാരം ബഹുമാനിക്കണം എന്ന് പൗലൊസ് തിമഥിയോസിനോട് വ്യക്തമാക്കുന്നു (1 തിമെ. 5:1-2 ). ദൈവത്തിനും ദൈവവചനത്തിനും മാറ്റമില്ല. മറ്റെല്ലാം കാലോചിതമായി മാറേണ്ടതാണ്. ഇല്ലെങ്കിൽ നമ്മുടെ യൗവ്വനക്കാർ നമ്മിൽ നിന്നും സഭയിൽ നിന്നും അകന്നു പോയേക്കാം. 1950 കളിൽ അമേരിക്കയിൽ ശക്തമായി പ്രവർത്തിച്ച ഒരു സംഘടനയാണ് 'യൂത്ത് ഫോർ ക്രൈസ്റ്റ് '. അവരുടെ ആപ്തവാക്യം ഇങ്ങിനെയാണ്: കാലത്തിനനുസരിച്ച് ചലിക്കുന്നു; പാറമേൽ അടിസ്ഥാനപ്പെട്ടുമിരിക്കുന്നു! ഇക്കാലത്തുപോലും എത്ര അനുകരണീയമാണ് ഈ വാചകം. വേദപുസ്തകം നല്ല മാറ്റത്തെപ്പറ്റി എന്തു പറയുന്നു എന്ന് ധാരണയില്ലാത്തതുകൊണ്ടാണ് പലരും മാറ്റത്തെ ഭയപ്പെടുന്നത്. പണ്ട് വാമൊഴിയിൽ നിന്നും വരമൊഴിയിലേക്ക് സമൂഹം മാറിയപ്പോൾ യാഥാസ്ഥിതികരായ ഒരു വിഭാഗം വിമർശിച്ചു. ഇത് മനഷ്യന്റെ ഓർമ്മയെ നശിപ്പിക്കുമെന്നവർ പറഞ്ഞു. എന്നാൽ ഇന്ന് ഓർമ്മയിൽ സൂക്ഷിക്കാൻ വേണ്ടിയാണ് നാം എഴുതുന്നത്! പിന്നീട് വരമൊഴിയിൽ നിന്നും പ്രിന്റിംഗിലേക്കും അവിടെ നിന്നും റേഡിയോ, മൂവി, ടെലിവിഷൻ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് എന്നിവയിലേക്ക് ആശയ വിനിമയം വളർന്നപ്പോഴെല്ലാം ഒരു കൂട്ടർ മാറി നിന്ന് വിമർശിച്ചു! പക്ഷെ ഈ മാറ്റങ്ങളെ ഉൾക്കൊണ്ടവർ വളരുകയും ചെയ്തു!

തലമുറകളുടെ വിടവ് നികത്താൻ ചില പ്രായോഗിക നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു:

1. പുതിയ കാര്യങ്ങൾ പഠിയ്ക്കുവാൻ മുതിർന്നവർ ഉത്സാഹിക്കുക.
2. മുതിർന്ന തലമുറക്കാരും ഇളം തലമുറക്കാരും സൗഹാർദ്ദപരമായി സംഭാഷിക്കുവാൻ സഭകളിൽ അവസരം ഒരുക്കുക.
3. ആരാധനയിലും ഇതര ശുശ്രൂഷകളിലും യൗവ്വനക്കാരെക്കൂടി ഉൾപ്പെടുത്തുവാൻ തക്ക മാറ്റം വരുത്തുകയും മുതിർന്നവർ സഹിഷ്ണുത പുലർത്തുകയും ചെയ്യുക.
4. മുതിർന്നവരുടെ ജീവിത രേഖ പഠിക്കുവാൻ ചെറുപ്പക്കാരെ ഉത്സാഹിപ്പിക്കുക.

അനുഭവസമ്പത്തും ഊർജ്ജുവും. ഇത് രണ്ടും സമൂഹത്തിന് ആവശ്യമാണ്. മുതിർന്നവരുടെ അനുഭവും ഇളം തലമുറയുടെ ഊർജവും ഉപയോഗിച്ച് കൊണ്ട് നല്ല സമൂഹസൃഷ്ടി നടത്തുവാൻ നമുക്ക് കഴിയട്ടെ..



ഭാവന



ജസ്റ്റിൻ ജോർജ്
കായംകുളം

# 'ദയവായി പാദരക്ഷകൾ പുറത്തിടുക'

മിക്കവാറും ഉള്ള എല്ലാ ദേവാലയങ്ങളുടെ മുൻപിലും എഴുതി വെച്ചിട്ടുള്ള ഒരു പ്രസ്താവനയാണിത്. ഇത്രയും ഭവ്യതയോടെ തന്നെ ഇതു പറയുന്നതെന്താണെന്നറിയില്ല. ദൈവമക്കൾ ആലയത്തിൽ കൂട്ടായ്മയ്ക്ക് ചെല്ലുമ്പോൾ ആദ്യം കാണുന്നതും ചെയ്യുന്നതും ഞങ്ങളെ വെളിയിൽ ഊരിയിടുക എന്നുള്ളതാണ്. എന്ത് രസമാണ് പലരെയും കാണുവാൻ ! പല വിലയിലും നിലയിലും കഴിയുന്നവർ, പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ, സെക്രട്ടറി എന്നോ പാസ്റ്ററെന്നോ, പ്രായ വ്യത്യാസമോ ഒന്നുമില്ലാതെ അടങ്ങി ഒതുങ്ങി പുറത്തു വളരെ ഐക്യതയോടെയാണ് ഞങ്ങൾ ആരാധന കാണാറുള്ളത്... പക്ഷെ ചിലരെങ്കിലും ഞങ്ങളെയും കൊണ്ടുപോയി മാറ്റിയിടാറുണ്ട്, 'വിശ്വാസികളാണെങ്കിലും വിശ്വാസം ഇല്ല അത്രേ!

പുറത്തു പോയി ചവുട്ടിയ അഴുക്കും പൊടിയുമൊന്നും ആലയത്തിനകത്തു കയറരുതെന്നും മറ്റാരും കാണണ്ട എന്നുമൊക്കെ കരുതിയാണ് ഞങ്ങളെ പുറത്തിടുന്നത്...

ഒരിക്കൽ ഞാൻ വെറുതെ ആരാധനാ ആലയത്തിലേക്കൊന്നു നോക്കിയപ്പോൾ എന്റെ ഉടമസ്ഥൻ അച്ചായൻ ഭയങ്കര ആരാധന... എന്റെ കണ്ണു നിറഞ്ഞു പോയി.. തലേന്ന് ഞങ്ങൾ പോയ വഴിയൊക്കെ ഒന്നോർത്തു... അച്ചായന്റെ ഭാവവും, പാട്ട് പാടലും, സ്തോത്രം പറച്ചിലുമൊക്കെ കണ്ടപ്പോൾ ഇന്നലെ പാവപ്പെട്ട വർക്കിച്ചായൻ 500 രൂപ കടം വാങ്ങിയത് തിരിച്ചു കൊടുക്കാത്തതിന് പുള്ളിയെ വിളിച്ച തെറികളും വാക്കുകളും എന്റെ കാതിൽ മുഴങ്ങി..

പാസ്റ്ററിനു കൈ കൊടുത്തു വിശുദ്ധ ചുംബനം കൊടുത്തിട്ടു 'പാസ്റ്റർ ഞങ്ങളുടെ ഭാഗ്യമാണെന്ന്' പറഞ്ഞപ്പോൾ സെക്രട്ടറി അച്ചായനോട് ചേർന്ന് പാസ്റ്ററെ ഒതുക്കാൻ മെനഞ്ഞ തന്ത്രങ്ങൾ എന്റെ മനസ്സിലൂടെ മിന്നി മറഞ്ഞു...

സെക്രട്ടറി അച്ചായന്റെ കൈക്കു പിടിച്ചു കുശലം പറയുമ്പോൾ, സെക്രട്ടറി അച്ചായന്റെ കുറ്റം അമ്മമ്മയോട് പറഞ്ഞതും, അങ്ങേരാണ് സഭ മുടിപ്പിച്ചതെന്നും പറഞ്ഞത് ഞാൻ വെറുതെ ഒന്ന് ഓർത്തു പോയി...

ട്രഷറർ അച്ചായന്റെ കയ്യിലോട്ട് പുത്തൻ പെടയ്ക്കണ നോട്ടു വെച്ചു കൊടുത്തിട്ടു 'ഞാൻ ഉണ്ട് എന്താവശ്യം ഉണ്ടെങ്കിലും ചോദിക്കണം' എന്നു പറഞ്ഞപ്പോൾ ഞാൻ കണ്ണു പൊത്തി.. കള്ളന്റെ കയ്യിലാണല്ലോ പണസഞ്ചി കൊടുത്തത്, യൂദാ ഇതിലും ഭേദമായിരുന്നു,ഇങ്ങേർക്ക് കാശിനോട് എന്തൊരു ആർത്തിയാണ് എന്നൊക്കെ പറഞ്ഞു പ്രാകിക്കൊണ്ട് എ. ടി. എമിൽ നിന്നും കാശെടുത്ത് പോക്കറ്റിൽ വെച്ചത് എനിക്ക് ഓർമ വന്നു...

ബൈബിൾ കോളേജിൽ പഠിക്കുന്ന സഹോദരൻ പത്തു മിനിറ്റ് പ്രബോധിപ്പിച്ചപ്പോൾ അവനെ പൊക്കിപ്പറയുന്നത് കണ്ടു.. 'ഇങ്ങനെയുള്ള ചെറുപ്പക്കാരെ സഭയ്ക്ക് വേണം ' അയ്യോ എനിക്ക് നാണം വന്നു അച്ചായൻ അവനെ പുകഴ്ത്തുന്നത് കണ്ടപ്പോൾ....

കഴിഞ്ഞ ദിവസം ഈ സുവിശേഷവേലക്കാരൻ ചെറുക്കനെപ്പറ്റി പൊടിയനച്ചായനോട് പറഞ്ഞത് ഞാൻ കേട്ടതല്ലേ 'ഇവനെയൊക്കെ ആരാ സുവിശേഷകനാക്കിയത്, നമുക്കറിയില്ലേ അവനെ, എങ്ങനെ നടന്നവനാ, ഇപ്പോൾ വല്യ പ്രസംഗം ഒക്കെയാണ്,അവന്റെ ഒരു പ്രസംഗം' ആ അച്ചായനാണ് ചെക്കനെ പൊക്കിയടിക്കുന്നത്.... കഷ്ടം!

അച്ചായന്റെ വിശുദ്ധി പ്രബോധനത്തിന്റെയും, കയ്യടിച്ചു അന്യഭാഷയിലുള്ള ആരാധനയുടെയും കൊടുക്കുന്ന കൈമടക്കിന്റെയും അടിസ്ഥാനത്തിൽ അച്ചായൻ സഭയിലെ പ്രധാനിയും, പ്രമാണിയും വിശുദ്ധനുമായി ഇങ്ങനെയൊക്കെ പൊയ്ക്കൊണ്ടിരുന്നു...

ചിരിച്ചു കൊണ്ടാണ് ഞാൻ ഇതൊക്കെ പറഞ്ഞതെങ്കിലും ഇന്നിന്റെ സമൂഹത്തിൽ ഉണ്ടാകുന്ന മനസ്സിലാക്കാതെ പോകുന്ന ചില യാഥാർഥ്യമാണ് ഇതൊക്കെ.പാവപ്പെട്ട ഈ ചെരുപ്പ് എന്ത് പറയാൻ, ആരും കേൾക്കില്ല....ഞാൻ ഇതൊക്കെ ഓർത്തു വല്ലാതെ ഭാരപ്പെട്ടു. കാരണം ചെരുപ്പ് മാത്രമേ ആളുകൾ ഊരുന്നുള്ളു.. മനസ്സ് നിറയെ കയ്പ്പും വിദ്വേഷവും, പകയും, അസൂയയും, നിരാശയും ഒക്കെയായിട്ടാണ് ആലയത്തിൽ കടക്കുന്നത്.. ആരും അതൊന്നും ആലയത്തിന്റെ പുറത്തു കളയുന്നില്ല.. ഇനിയെങ്കിലും ഒരു മാറ്റമുണ്ടായാൽ മതിയായിരുന്നു..

ഞാൻ ഓരോന്ന് ഇനിയും തല പൊക്കി നോക്കിയാൽ ആകെ വിഷമമാകും... അച്ചായനെ തല്ക്കാലം എല്ലാവരേക്കാളും നന്നായിട്ടു എനിക്കറിയാം. നിശബ്ദസാക്ഷിയായി ഞാൻ കൂടെയുണ്ടല്ലോ എപ്പോഴും..

ഞാൻ ഉറങ്ങാൻ പോകയാണ്.....

▶12-ാം പേജിൽ തുടരും...

Excel

An Excel Publication






D J പാലക്കാട്

# ജീവിതസായാഹ്നത്തിലെ അസ്തമിക്കാത്ത പ്രതീക്ഷകൾ !

എക്സൽ മിനിസ്ട്രീസിന്റെ ചാരിറ്റി വിഭാഗം ഇക്കഴിഞ്ഞ ദിവസങ്ങളിൽ ചില വൃദ്ധസദനങ്ങൾ സന്ദർശിച്ചു. ആലംബഹീനരായ ഒരുപറ്റം വയോജനങ്ങൾ. പലരുടെയും മുഖത്ത് നിരാശ തളം കെട്ടിക്കിടക്കുന്നത് കാണാമായിരുന്നു. ഞങ്ങൾ അവിടേക്ക് ചെന്നപ്പോൾ പുതുമുഖങ്ങളെ കണ്ടതിന്റെ പുഞ്ചിരി അവരുടെ മുഖത്ത് വിടർന്നു. അവരിൽ പലരുടെയും മുഖത്തെ ചുളിവുകൾ കണ്ണുനീർ വീണൊഴുകിയ ചാലുകൾ പോലെ തോന്നിപ്പിച്ചു.അധികമായി സംസാരിക്കുന്നവർ, ഒട്ടും സംസാരിക്കാത്തവർ,മനോനില തെറ്റിയവർ തുടങ്ങിയവർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. എന്തു തന്നെയായാലും അവരെല്ലാവരും ആരോഗ്യകരമായ ഒരു യൗവനം കടന്നെത്തിയവരാണ്.

ആ സ്ഥാപനത്തിലെ ചുമതലപ്പെട്ടവരോട് അവരെക്കുറിച്ച് അന്വേഷിച്ചു.അവർ തന്ന ചില വിവരങ്ങൾ വേദനിപ്പിക്കുന്നതായിരുന്നു.അവിടെയുള്ള അമ്മമാരിൽ പലർക്കും മക്കളും കൊച്ചുമക്കളും ഉള്ളവരാണത്രേ. ജീവിതയാത്രയിൽ എപ്പോഴോ കാലിടറിയപ്പോൾ ചേർത്തു പിടിക്കാതെ വൃദ്ധസദനത്തിൽ കൊണ്ടുചെന്നാക്കിയ മക്കൾ. പലരോടും സംസാരിച്ചു. ഇപ്പോഴും മക്കളുടെ വരവും കാത്തിരിക്കുന്ന പലരും ഉണ്ടവിടെ. തെരുവുകളിൽ നിന്നു പോലീസും, നാട്ടുകാരും കൊണ്ടുചെന്നാക്കിയവരും ഉണ്ട് അക്കൂട്ടത്തിൽ.

അല്പസമയം ഞങ്ങൾ അവരോടൊപ്പം ചെലവഴിച്ചു. അവർ ഒരുമിച്ച് ചില പാട്ടുകൾ പാടി.ആവുന്ന കാലത്തെന്നോ പാടി പഠിച്ച ചില പ്രാർത്ഥനാ ഗാനങ്ങൾ. എക്സൽ ടീം അംഗങ്ങൾ കുറച്ച് പ്രോഗ്രാമുകൾ അവർക്കായി അവതരിപ്പിച്ചു. അവയെല്ലാം അവർ ആവോളം ആസ്വദിച്ചു എന്ന് കണ്ണുകളിൽ നിന്ന് വായിച്ചെടുക്കാമായിരുന്നു. പിന്നീട് ആ അമ്മമാർക്കായി ചില മാജിക് ട്രിക്കുകൾ കാണിച്ചു. അതിശയം കൊണ്ട് അവരുടെ കണ്ണുകൾ വിടർന്നു.കണ്ണീർ വീണുണങ്ങിയ അവരുടെ മുഖത്ത് അല്പ നിമിഷത്തേക്കെങ്കിലും പുഞ്ചിരി വിടർത്താൻ കഴിഞ്ഞു.

അവസാനമായി അവരോടൊപ്പമിരുന്ന് ഭക്ഷണം കഴിച്ചു. അന്നേ ദിനം അവർക്കായി ഭക്ഷണം സ്പോൺസർ ചെയ്ത യു.എസിലുള്ള ലില്ലിയാന്റിയേയും കുടുംബത്തേയും എക്സൽ മിനിസ്ട്രീസ് ചെയർമാൻ തമ്പി മാത്യു അവർകളേയും നന്ദിയോടെ ഓർക്കുന്നു.സ്ഥാപനാധികാരികൾ അവർക്ക് നൽകുന്ന സ്നേഹവും കരുതലും എടുത്തു പറയേണ്ടതുതന്നെ. ഒറ്റപ്പെടലിന്റെ വേദന ഒട്ടും അറിയിക്കാതെയുള്ള പരിചരണവും ശുശ്രൂഷയുമാണ് അവർക്ക് നൽകുന്നത്. സ്വമനസാലെ അവർ ചെയ്യുന്ന സേവനം ശ്ലാഘനീയം തന്നെ.


പലർക്കും പുറത്തേക്ക് വരാൻ കഴിയാത്ത കിടപ്പ് രോഗികളാണ്. പരസ്പരം കൈത്താങ്ങായി ഒരു കുടക്കീഴിൽ എന്നതുപോലെ ആ സ്നേഹത്തണലിൽ അവർ വിശ്രമിക്കുകയാണ്.

ഇറങ്ങാൻ നേരം ഒരു നിമിഷം മനുഷ്യ ജീവിതത്തിന്റെ അവസ്ഥാന്തരങ്ങളെക്കുറിച്ച് ഒന്ന് ചിന്തിച്ചു. ഏതു മനുഷ്യനും ജീവിതത്തിലെ വാർദ്ധക്യം എന്ന ഒരു അവസ്ഥയിലൂടെ കടന്നു പോകേണ്ടി വരാം. ഒരുപക്ഷേ ആരും കൈത്താങ്ങൽ നൽകാൻ ഇല്ലാത്ത കാലം. കൂട്ടിനായി നല്ലകാലത്തെ ഓർമ്മകൾ മാത്രമായിരിക്കാം

▶12-ാം പേജിൽ തുടരും...





# ദെക്കപ്പൊലിനാട്ടിലേക്ക് നീ തിരികെ വരും

ലേഖനം



ഷൈജു ഡാനിയേൽ
അടൂർ

ദെക്കപ്പൊലിനാട്ടിലെ ഭാവി സുവിശേഷകൻ ഇപ്പോൾ ഗദരയിലെ കല്ലറയിൽ (മർക്കോസ് 5:20).

സ്വതന്ത്രനായി സഞ്ചരിക്കേണ്ടവൻ ഇപ്പോൾ ചങ്ങലകൾക്കുള്ളിൽ ഭാവിയിലെ ചില മഹത്തായ ദൈവീക പദ്ധതികൾക്കായി ദൈവം മുൻകണ്ട ഒരു ദെക്കപ്പൊലിക്കാരൻ ഇപ്പോൾ ഗദരയിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു .

അവന്റെ പേരുപോലും അശുദ്ധാത്മാക്കൾ കവർന്നെടുത്തിരിക്കുന്നു; സുദീർഘമായ നാളുകൾ കല്ലറകളിൽ പാർത്തുകൊണ്ടു ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് വല്ലാത്ത വ്യഥയിൽ അകപ്പെട്ടിരിക്കുന്ന മനുഷ്യനെ യേശു നാഥൻ ഗദരയിൽ കാണുമ്പോൾ അവനോടായി ചോദിക്കുന്നു ; നിന്റെ പേർ എന്ത്? എന്റെ പേർ ലേഗ്യോൻ.

ആറായിരം ദുർഭൂതശക്തികൾ ഒന്നിച്ചു ഈ മനുഷ്യനെ ഗദരയിൽ തളച്ചിട്ടതിന്റെ പിന്നിലെ രഹസ്യം ലോകത്തിന് പിടികിട്ടില്ലെങ്കിലും ഇവനെ കെട്ടഴിച്ചുവിട്ടാൽ ദെക്കപ്പൊലിനാടിനെ ഇവൻ സുവിശേഷത്താൽ സ്വാധീനിക്കുമെന്ന് ഇരുളിന്റെ അധികാരങ്ങൾ ഭയപ്പെട്ടിരുന്നു.

ദൈവീക പദ്ധതിയുടെ ഭാഗമാകുവാൻ സ്വർഗ്ഗം മുൻകണ്ടതിനെ , ഉണർവ്വിന്റെ ചാലകങ്ങളായി ദൈവം വേർതിരിച്ചു നിർത്തിയതിനെ ചില കാലങ്ങൾ ഗദരയിൽ കുടുക്കിയിട്ടാലും ദെക്കപ്പൊലിയിലേക്കുള്ളവനെ ഗദരയിൽ നിന്നും ദൈവം പുറത്തുകൊണ്ടുവരും.

ഗദരയിൽ എല്ലാം ഒടുങ്ങുതീരും എന്നു സാഹചര്യങ്ങൾ ആവർത്തിച്ചു നിന്നിൽ മന്ത്രിക്കുമ്പോൾ , ഇല്ല ...നീ ദെക്കപ്പൊലിനാട്ടിലേക്ക് തീർച്ചയായും മടങ്ങി വരും ഗദരയിലെ ലേഗ്യോൻ എന്ന പേരുമാറ്റി ദെക്കപ്പൊലിയിലെ സുവിശേഷകൻ എന്ന പുതിയ പേർ നിനക്കു ലഭിക്കും.

ദെക്കപ്പൊലിനാട്ടിലേക്കു നിന്നെ തിരികെ കൊണ്ടുവരാൻ അവിടുന്ന് പടക് കയറി പുറപ്പെട്ടിട്ടുണ്ട്.....പടകിലെ പ്രതിസന്ധി, അപ്രതീക്ഷിത കാറ്റുകൾ....ശാന്തമല്ലാത്ത കടൽ ...ഇവയെല്ലാം നിന്റെ വിടുതലിനായി യേശു പുറപ്പെട്ടിട്ടുണ്ട് എന്നതിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ ആണ്.

## ഹൃദയം ബാക്ക്പാക്കിൽ കയറ്റിയവനിത !

◇സൽവ ഹുസൈൻ. ബ്രിട്ടനിലാണ് താമസം.

◇8 കിലോ ബാക്ക്പാക്കിനുള്ളിലെ ബാറ്ററികളും, ഒരു ഇലക്ട്രിക് മോട്ടോറും ചേർന്നാണ് സെൽവയുടെ ശരീരത്തിന് ചുറ്റും രക്തം പമ്പു ചെയ്യുന്നത്.

◇ഒരിക്കൽ.. ശ്വാസതടസ്സം അനുഭവപ്പെട്ടപ്പോൾ സെൽവ റോഡിൽ വീഴുകയും, അവിടന്ന് 200 മീറ്റർ റോഡിലൂടെ സ്വയം നിരങ്ങി നിരങ്ങി തന്റെ കാറിൽ കയറിപ്പറ്റി. പിന്നെ സാവകാശം കാറോടിച്ചു ഫാമിലി ഡോക്ടറെ കാണാനായി ആശുപത്രിയിലേക്ക് പോയി. അവർക്ക് ഗുരുതരമായ ഹൃദയസ്തംഭനമുണ്ടെന്ന് ഡോക്ടർമാർ കണ്ടെത്തി.

◇നാല് ദിവസത്തിന് ശേഷം,



സെൽവയെ ആംബുലൻസിൽ ലോക പ്രശസ്തമായ ഹെയർഫീൽഡ് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി, അവിടെ ഹൃദ്രോഗ വിദഗ്ധർ അവളുടെ ജീവൻ നിലനിർത്താൻ പോരാടി. എങ്കിലും ഹൃദയം പ്രവർത്തനക്ഷമമാക്കി നിർത്തുവാൻ അവർക്കു കഴിഞ്ഞില്ല. അങ്ങനെ സെൽവയുടെ ജീവിതം വഴിമുട്ടിയതോടെ, ഭാര്യക്ക് കൃത്രിമ ഹൃദയം നൽകുന്നതിന് അവരുടെ ഭർത്താവ് തീരുമാനിച്ചു.

◇ബ്രിട്ടനിലെതന്നെ കൃത്രിമ ഹൃദയം ഉപയോഗിക്കുന്ന രണ്ടാമത്തെ വ്യക്തിയാണ് 39കാരിയായ സെൽവ ഹുസൈൻ.

2017 ലായിരുന്നു ഈ സംഭവം. ഇപ്പോൾ ധാരാളം ആളുകൾ ഇതുപോലുള്ള കൃത്രിമ ഹൃദയം ഉപയോഗിക്കുന്നുണ്ട്!

# ഒരു നിമിഷം ഒന്ന് ക്ഷമിക്കൂ

ഇവാ. ശ്രീകുമാർ N തൈയ്യിൽ

ഒരച്ഛനും, ആറുവയസ്സുള്ള മകനും വലിയ സുഹൃത്തുക്കളേ പോലെയാണ്.

ജോലിയിൽ promotion കിട്ടിയപ്പോൾ അയാൾ ഒരു കാർ വാങ്ങി.

അങ്ങനെ അച്ഛനും മകനും കൂടെ കാറിൽ യാത്ര ചെയ്യുമ്പോൾ അയാൾ കാർ നിർത്തി എന്തോ വാങ്ങാൻ കടയിലേക്ക് പോയി. ആ സമയം ആ മകൻ കാറിൽ നിന്നിറങ്ങി ഒരു കമ്പികഷ്ണമെടുത്തു കാറിൽ നല്ല പോലെ പോറൽ ഉണ്ടാക്കി.

അയാൾ വന്നു നോക്കുമ്പോൾ കാർ നന്നായിട്ട് പോറിയിരിക്കുന്നു. അയാൾക്ക് ദേഷ്യം വന്നിട്ട് കുട്ടിയുടെ കൈയ്യിലിരുന്ന കമ്പിവാങ്ങി ഒറ്റയടി കൊടുത്തു. അടി കൈവിരലിൽ കൊണ്ട് കുട്ടി കരയാൻ തുടങ്ങി.

കുറച്ചു കഴിഞ്ഞു ദേഷ്യമൊക്കെ മാറിയെങ്കിലും കുട്ടി കരച്ചിൽ നിർത്തുന്നില്ല. അയാൾ പെട്ടെന്ന് കുട്ടിയെ കാറിൽ കയറ്റി Hospitel കൊണ്ടുപോയി ഡോക്ടറെ കാണിച്ചു.

വിരലുകൾ റെമി ചെയ്തുനോക്കിയിട്ട് ഡോക്ടർ പറഞ്ഞു:' ഇനി ഈ കുട്ടിയുടെ വിരലുകൾ അനങ്ങില്ല'.

അയാൾ ആകെ തകർന്നു പോയി. കരഞ്ഞുകൊണ്ടയാൾ ICU വിലെ ഗ്ലാസിലൂടെ നോക്കുമ്പോൾ കുട്ടി അയാളെ നോക്കി ചിരിക്കുന്നു.

മനോവേദനയോടെ അയാൾ കാറിനരികിൽ വന്ന് കുട്ടി പോറിയഭാഗം തലോടുമ്പോഴാണ് അയാൾ അതു വായിച്ചത്. 'I Love You Daddy'

പെട്ടെന്നുണ്ടായ ദേഷ്യത്തെ ഓർത്ത് അയാൾ ശപിക്കാൻ തുടങ്ങി.

പ്രിയരേ.... നമ്മുടെ പെട്ടന്നുള്ള ദേഷ്യം എത്ര അകലങ്ങളാണ് സൃഷ്ടിക്കുന്നത്. മൂന്നോ നാലോ മിനിറ്റ് മാത്രം ആയുസ്സുള്ള ദേഷ്യം കൊണ്ട് തകർന്നു തരിപ്പണമായ എത്രയോ മനുഷ്യന്മാരുണ്ട്, എത്രയോ കുടുംബങ്ങളുണ്ട്. ഒന്ന് ക്ഷമിക്കുവാൻ തയ്യാറായിരുന്നെങ്കിലോ?

ഓർക്കുക: 'കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന് താമസവും ഉള്ളവരായിരിപ്പിൻ'.

10-ാം പേജിൽ നിന്നും തുടർന്നു വായിക്കുക

'ജീവിതസായാഹ്നത്തിലെ അസ്തമിക്കാത്ത പ്രതീക്ഷകൾ!

ഉണ്ടാവുന്നത്.

ജീവിതസായാഹ്നത്തിൽ എത്തിനിൽക്കുന്നവർക്കായി നമുക്ക് നൽകാൻ കഴിയുന്ന ഏറ്റവും വിലപ്പെട്ട സമ്മാനമാണ് അവർക്ക് നാം പകർന്ന് നൽകുന്ന സ്നേഹം. കുടുംബത്തിലായാലും, സമൂഹത്തിലായാലും പ്രായമായവരെ ചേർത്തുപിടിക്കുക. പുഞ്ചിരിയോ അതുമല്ലെങ്കിൽ ആശ്വാസത്തിന്റെ ചില വാക്കുകളോ അവർക്കായ് നൽകുക. നമ്മുടെ ഓരോ വാക്കുകളും അവരുടെ അവശതകളെ മറികടന്ന് മുന്നോട്ടു പോകാനുള്ള ഊർജ്ജമായി പരിണമിക്കട്ടെ.

9-ാം പേജിൽ നിന്നും തുടർന്നു വായിക്കുക

'ദയവായി പാദരക്ഷകൾ പുറത്തിടുക'

ചെരുപ്പ് ചെറു മയക്കം പിടിച്ചു.

പാദരക്ഷകളല്ല മാറ്റി ഇടേണ്ടത്... ദൈവത്തെ ആരാധിക്കാൻ പോകുമ്പോൾ എല്ലാ ദുഷ്ട ചിന്തകളും ആലയത്തിന്റെ പുറത്തു ഉപേക്ഷിക്കണം.. വെള്ള വസ്ത്രത്തിന്റെ പ്രഭയിൽ മറ്റുള്ളവർ നമ്മെ മനസ്സിലാക്കിയില്ലെങ്കിലും ദൈവസാന്നിധ്യം ഉള്ള സ്ഥലമാണ് ദേവാലയം.. അവിടെ നിന്റെയും എന്റെയും ആന്തരിന്ദ്രിയങ്ങളെ ശോധന ചെയ്യുന്ന സർവശക്തനായ ദൈവം ഉണ്ടെന്നുള്ള തിരിച്ചറിവുണ്ടാകട്ടെ.. പൂർണമായ ഒരു മാനസാന്തരം നമുക്കുണ്ടാകണം..മുഖം മൂടികൾ അഴിച്ചു വെച്ചിട്ട് കർത്താവിൽ നമുക്ക് ഒന്നാകാം.

എക്സൽ സ്നേഹിതൻ കഴിഞ്ഞ മാസം നടത്തിയ മത്സരത്തിൽ നിരവധിപേർ പങ്കെടുത്തു. ശരിയായ ഉത്തരങ്ങൾ അയച്ചു തന്നവരിൽ നിന്നും നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്ത് വിജയിയായ ആൾ

## സുരേഷ് ബാബു, പാലക്കാട്

ചോദ്യം ഇതായിരുന്നു

**ഐക്യരാഷ്ട്രസഭ ഏതു വർഷം മുതലാണ് ലോക ലഹരിവിരുദ്ധദിനമായി ആചരിക്കാൻ തുടങ്ങിയത്?**

**ശരിയായ ഉത്തരം:1987**

*വിജയിക്ക് അഭിനന്ദങ്ങൾ.*

പങ്കെടുത്ത എല്ലാവർക്കും നന്ദി.

## നിങ്ങൾക്കും എഴുതാം!



എക്സൽ സ്നേഹിതൻ മാസികയിൽ നിങ്ങൾക്കും എഴുതാൻ അവസരം. ലേഖനങ്ങൾ, ചെറുകഥകൾ, അനുഭവ സാക്ഷ്യങ്ങൾ, ഭാവനകൾ, കാർട്ടൂണുകൾ തുടങ്ങിയ സാഹിത്യ രചനകൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ അയച്ചു തരിക.

**9744325604, 9495834994**




കൂട്ടുകാരെ.... മോട്ടുമുയലിനെ ക്യാരറ്റിന്റെ അടുത്തെത്താൻ വഴി കാണിച്ചുകൊടുക്കാൻ സഹായിക്കാമോ?

## വഴി കാണിച്ചുകൊടുക്കാമോ...



# കിറ്റിക്കോഴിയും കുഞ്ഞുങ്ങളും



**കി**റ്റിക്കോഴിയും കുഞ്ഞുങ്ങളും ഒരു കുന്നിൽ ചെരുവിലാണ് താമസിച്ചിരുന്നത്. കിറ്റിക്കോഴി തന്റെ കുഞ്ഞുങ്ങളെ വളരെ കരുതലോടെയാണ് പരിപാലിച്ചിരുന്നത്. അതിനാൽ വളരെയധികം സന്തോഷത്തോടെയാണ് അവർ കഴിഞ്ഞിരുന്നത്. ഒരു ദിവസം പതിവുപോലെ അവർ തീറ്റ തേടിയിറങ്ങി.എന്നാൽ പതിവിലും വ്യത്യസ്തമായി പറമ്പിലെ കാട് എല്ലാം കാട് വെട്ടിത്തെളിച്ചിരുന്നു. അതുകൊണ്ടുതന്നെ ഒരുപാട് പുഴുക്കളും പ്രാണികളും എല്ലാം പറമ്പിൽ ഉണ്ടായിരുന്നു. അവർക്ക് ഒരുപാട് സന്തോഷമായി. അമ്മ ക്കോഴി തന്റെ കുഞ്ഞുങ്ങൾക്ക് ഒരുപാട് തീറ്റ ചികഞ്ഞ് നൽകി.

അങ്ങനെ അവർ പറമ്പിന്റെ ഒത്ത നടുക്കെത്തി. പെട്ടെന്ന് അവർ ഒരു ശബ്ദം കേട്ടു. നോക്കിയപ്പോൾ അതാ അകലെ നിന്നും തീ വരുന്നു. പറമ്പിന്റെ ഉടമസ്ഥർ കൃഷി ചെയ്യാനായി കാടിന് തീയിടുകയായിരുന്നു.അമ്മക്കോഴി തന്റെ കുഞ്ഞുങ്ങളെ വിളിച്ചു.' വേഗം വാ തീ വരുന്നുണ്ട്.നമുക്ക് വേഗം വീട്ടിൽ പോകാം.' തന്റെ കുഞ്ഞുങ്ങളുമായി അമ്മക്കോഴി പോകാൻ ശ്രമിച്ചു. പക്ഷേ അപ്പോഴേക്കും ചുറ്റും തീ പടർന്നിരുന്നു.തങ്ങൾ അപകടത്തിൽപ്പെട്ടു എന്ന് അമ്മക്കോഴിക്കു മനസ്സിലായി. കുഞ്ഞുങ്ങൾ പേടിച്ചു കരയാൻ തുടങ്ങി.

പെട്ടെന്ന് അമ്മക്കോഴി കുഞ്ഞുങ്ങളെ തന്റെ ചിറകിനടിയിലാക്കി. അൽപ്പ സമയത്തിനുള്ളിൽ ആ പ്രദേശമാകെ തീ കത്തി. ഈ സമയം കുഞ്ഞിക്കോഴികൾ അമ്മയുടെ ചിറകിനടിയിൽ സുരക്ഷിതരായിരുന്നു. കുറെ സമയം കഴിഞ്ഞിട്ടും അമ്മക്കോഴി ചിറകു വിടർത്താതിരുന്നപ്പോൾ അവർ ഞെങ്ങിഞെരുങ്ങി പുറത്തുകടന്നു. അവർ കണ്ട കാഴ്ച തങ്ങളുടെ അമ്മക്കോഴി തീയിൽ വെന്തു കിടക്കുന്നതാണ്.അവർ ഉറക്കെ കരഞ്ഞു. പക്ഷേ അമ്മക്കോഴി ഉണർന്നില്ല. അവർക്ക് ഒരു കാര്യം മനസ്സിലായി. തങ്ങളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി അമ്മക്കോഴി സ്വന്തം ജീവൻ നൽകുകയായിരുന്നു.


കൂട്ടുകാരെ ഇതുപോലെയാണ് പാപത്തിലകപ്പെട്ട നമ്മെയും രക്ഷിക്കുവാൻ യേശു കർത്താവ് സ്വന്തം ജീവനെ നൽകിയത്. ആ യേശുവിന്റെ പ്രിയ മക്കളായി നമുക്ക് ജീവിക്കാം.

## ജീവിതാനുഭവങ്ങൾ...

**ബ്രദർ പി.ജി. വർഗ്ഗീസ് ജീവിതത്തിലെ ഒരു അനുഭവം. (ഉണർവ്വിൻ അഗ്നിനാളങ്ങൾ എന്ന പുസ്തകത്തിൽ നിന്നും)**

### ഇൻഡ്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ ആരംഭം

ദൈവത്തിന്റെ കൃപയും തിരഞ്ഞെടുപ്പും സാധാരണക്കാരനായ പി.ജി. വർഗ്ഗീസിന്റെ മേൽ വീണപ്പോൾ കട്ടറായിലെ ശക്തനായ ഒരു മിഷനറിയായി മാറി. ഒരു വർഷത്തിനുള്ളിൽ മനോഹരമായ സഭ അവിടെ വളർന്നു. അപ്പൊസ്തലനായ പൗലൊസിനെപ്പോലെ പുതിയ സ്ഥലത്തേയ്ക്ക് പ്രവർത്തനം തുടരുവാൻ ദൈവാത്മാവ് പ്രേരിപ്പിച്ചതിനാൽ കാശ്മീരിലെ പർവ്വതങ്ങളിൽ പാർക്കുന്നവർക്കിടയിലേക്ക് യാത്ര ചെയ്തു. പർവ്വതവാസിയായ ഒരു സ്ത്രീയുടെ മാനസാന്തരം അവിടെ വലിയ ഉണർവിന് വഴിതെളിച്ചു. സ്നാനം സ്വീകരിച്ച ആ സഹോദരിയെ ഹന്ന എന്നു അവർ പേരുവിളിച്ചു. ആ സ്ത്രീയുടെ അപേക്ഷപ്രകാരം കിലോമീറ്ററുകൾക്കപ്പുറമുള്ള അവരുടെ പർവ്വതത്തിലേയ്ക്ക് കൂട്ടുസഹോദരങ്ങളോടൊന്നിച്ച് എത്തിച്ചേർന്നു.



അടുത്ത പ്രാവശ്യത്തെ യാത്രയ്ക്കിടയിൽ ആ സ്ത്രീയുടെ മക്കളും ബന്ധുക്കളും തെറ്റിദ്ധാരണയാൽ പിജിയെ ആക്രമിക്കുവാൻ പദ്ധതിയിട്ടിരുന്നു. അവരുടെ ആലോചന ആ സ്ത്രീ പി.ജി. വർഗ്ഗീസിനെ അറിയിച്ചു. അവരിൽനിന്ന് രക്ഷപ്പെടാൻ വേണ്ടി ഓടുന്ന വഴിയിൽ കർത്താവ് അത്ഭുതകരമായി രക്ഷിച്ചു.

മരണത്തെ മുഖാമുഖം കണ്ട ആ സാഹചര്യത്തിൽ തന്റെ പക്കലുണ്ടായിരുന്ന ഒരു ബുക്കിൽ ഇപ്രകാരം കുറിച്ചുവച്ചു, ഞാനിവിടെ മരിച്ചു വീണേക്കാം. എന്റെ കുഞ്ഞ് പിതാവ് നഷ്ടപ്പെട്ടവനായേക്കാം, എന്റെ ഭാര്യ വിധവയായിത്തീർന്നേക്കാം. ഞാൻ മരിച്ചാൽ എന്റെ ഓരോ തുള്ളിചോരയ്ക്കും ഓരോ ആത്മാക്കളെവീതം പകരമായി നൽകണം. ജീവനുണ്ടെങ്കിൽ ഞാനൊരു ഫെല്ലോഷിപ്പ് ഇവിടെ ആരംഭിക്കും.

ആ കുറിപ്പ് ഇന്നും താൻ സൂക്ഷിച്ചുവച്ചിട്ടുണ്ട്. ഈ സംഭവത്തിന് അഞ്ചുദിവസത്തിനുശേഷം തന്നെ ഉപദ്രവിക്കാൻ ശ്രമിച്ചവരിലൊരാൾ തന്റെ വീട്ടിലെത്തി ക്ഷമ പറഞ്ഞു. തന്റെ കൂടെ പർവ്വതത്തിലേക്കു വരണമെന്ന് അപേക്ഷിച്ചു. തന്നെ കൊല്ലാൻ തുനിഞ്ഞ ആ സ്ഥലത്തേക്ക് വിശ്വാസത്തോടെ വീണ്ടും പോയി. പ്രാർത്ഥന തുടങ്ങിയതോടെ മർക്കോസിന്റെ മാളികയിലെന്നപോലെ പരിശുദ്ധാത്മാവ് അഗ്നിനാളമായി ഇറങ്ങിവന്നു. തൊട്ടടുത്തദിവസം പതിമൂന്നുപേരുടെ സ്നാനം നടന്നു. ഇൻഡ്യൻ ഇവാഞ്ചലിക്കൽ ടീമിന്റെ തുടക്കം അങ്ങനെയായിരുന്നു.

# എക്സൽ ലീഡർഷിപ്പ് പ്രോഗ്രാം വയനാട്ടിൽ



**വയനാട്:** എക്സൽ മിനിസ്ട്രീസും ഗ്ലോബൽ അഡ്വാൻസും സംയുക്തമായി സംഘടിപ്പിച്ച ലീഡർഷിപ്പ് പ്രോഗ്രാം പയ്യമ്പള്ളി ട്രൈബൽ മിഷൻ ചർച്ചിൽ ആഗസ്റ്റ് 6 ശനിയാഴ്ച നടത്തപ്പെട്ടു. പാസ്റ്റർ ബിജു ചാക്കോ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ പാസ്റ്റർ ജയ്സൺ മാനന്തവാടി ഉത്ഘാടനം ചെയ്തു. എക്സൽ ടീമംഗങ്ങളായ ജോബി. കെ.സി., ഗ്ലാഡ്സൺ ജയിംസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വയനാട്ടിലെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ട്രൈബൽ മിഷനിലെ ദൈവദാസന്മാരും 75 ലധികം യുവജനങ്ങളും പങ്കെടുത്തു. മീറ്റിംഗിന്റെ മേഖല കോഡിനേറ്ററായി സുജിത്ത് പയ്യമ്പള്ളി പ്രവർത്തിച്ചു.

# എക്സൽ ഹോപ്പ് ന്യൂസ്

## SSLC, +2 വിജയികളെ അനുമോദിച്ചു








എക്സൽ ഹോപ്പിന്റെ വിവിധ ബ്രാഞ്ചുകളിൽ നിന്നും SSLC, +2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ അനുമോദിച്ചു. എക്സൽ ഹോപ്പിന്റെ പൂമരുത്തിക്കുഴി, പുതുശ്ശേരി, കോഴഞ്ചേരി, ഇലന്തൂർ, സിങ്കുകണ്ടം എന്നീ ബ്രാഞ്ചുകളിൽ നിന്നുള്ള കുട്ടികൾക്ക് അഡ്മിനിസ്ട്രേറ്റർ കിരൺ കുമാറിന്റെ നേതൃത്വത്തിൽ ക്യാഷ് അവാർഡും മൊമന്റോയും നല്കി അനുമോദിച്ചു.




## എക്സൽ സ്കൂൾ ഓഫ് ചൈൽഡ്ഇവാഞ്ചലിസം (ESCE)

**കോഴഞ്ചേരി:** എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസത്തിന്റെ റെസിഡൻഷ്യൽ കോഴ്സ് ആയ ഡിപ്ലോമ ഇൻ ചൈൽഡ് ഡിവാഞ്ചലിസം കോഴ്സ് ജൂലൈ മാസം മുതൽ ആരംഭിച്ചു. റവ. വർക്കി എബ്രഹാം കാച്ചാണത്ത് ഉദ്ഘാടനം ചെയ്ത ഈ ക്ലാസുകൾ നടന്നുവരുന്നു. കൂടാതെ എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാഞ്ചലിസം ഓൺലൈൻ ഹിന്ദി ബാച്ചിന്റെ ക്ലാസുകൾ ഓഗസ്റ്റ് 6ന് ആരംഭിക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള ഓൺലൈൻ ക്ലാസുകൾ ഓഗസ്റ്റ് 15ന് ആരംഭിക്കുന്നു.ഈ ക്ലാസുകളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക. ഫോൺ: +919656009752 .കുട്ടികളുടെയും യുവജനങ്ങളുടെയും ഇടയിലെ പ്രവർത്തനങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന ഈ ക്ലാസുകൾ പരമാവധി പ്രയോജനപ്പെടുത്തുക.

എക്സൽ വിബിഎസ്സിന്റെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുക.എക്സൽ മിനിസ്ട്രിയുടെ പുതിയ ഓഫീസ് ബിൽഡിംഗ് പണി കുമ്പനാട് നടന്നുവരുന്നു. നിങ്ങളുടെ വിലപ്പെട്ട സംഭാവനകൾ താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ അയക്കുക.

*Account details*


EXCEL MINISTRIES
A/c No 10850100137658, Federal Bank Elanthoor,
IFSC Code- FDRL0001085

## ലീഡർഷിപ് ട്രെയിനിങ് പ്രോഗ്രാം



എക്സൽ മിനിസ്ട്രീസും ഫെയ്ത്ത് ബൈബിൾ സ്കൂളും സംയുക്തമായി ചേർന്ന് 2022 ആഗസ്റ്റ് 2-4 വരെ ഭോപ്പാലിൽ ചൈൽഡ് ഇവാൻജെലിസത്തിൽ ലീഡർഷിപ് ട്രെയിനിങ് പ്രോഗ്രാം നടത്തി. ഹാർവെസ്റ്റ് ഇന്ത്യ മിഷൻ ചർച്ച് നേതൃതം നല്കി.എക്സൽ മിനിസ്ട്രിസ് പ്രവർത്തകരായ ഷിബു കെ.ജോൺ,ബെൻസൺ വർഗ്ഗീസ് എന്നിവർ ക്ലാസുകൾ നയിച്ചു.

## ഉപവാസ പ്രാർത്ഥന




എക്സൽ സ്കൂൾ ഓഫ് ചൈൽഡ് ഇവാൻജലിസത്തിന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 4,5 തീയതികളിൽ തെക്കേമല ഓഫീസിൽ വെച്ച് ഉപവാസ പ്രാർത്ഥന നടത്തപ്പെട്ടു.പാസ്റ്റർ K.S ശാമുവേൽ, പാസ്റ്റർ ജിജി ചാക്കോ തേക്കുതോട്, പാസ്റ്റർ ബിനു ജോസഫ് വടശേരിക്കര എന്നിവർ വചനം സംസാരിച്ചു. ബ്ലസൻ തോമസ്,കിരൺകുമാർ നേതൃത്വം നല്കി.

## EXCEL SCHOOL OF CHILD EVANGELISM




# To fullfil your DREAM for Mission & Earn a Diploma at one go.

**Diploma in Child Evangelism (DCE)**
**Certificate in Child Evangelism (CCE)**

**Medium of Instruction:**
English | Malayalam | Hindi | Kannada

**To Equip Children's Ministers to lead the younger ones to Christ**

## ADMISSION OPEN 2022-23

## Admission Started for

- One year Diploma Course in Child Evangelism (Internal Program)
- Six Month Certificate Course in Child Evangelism (Extension Program)

## Salient features

- Spiritual atmosphere
- Day Scholars allowed
- Magic & Puppetry
- Crafts & Songs
- IATA accredited Certificate
- Practical Sessions
- Experienced Faculty

CLICK HERE

**More info** +91 94473 83899 +91 79072 35802, excelsce@gmail.com www.excelministries.org

Printed and Published online by Anil P. M on behalf of Excel Publications, Chief Editor Denny John